പ്രസക്തമാവില്ല. അടിയന്തിരപ്രമേയമാണെങ്കിൽ ഇന്ന സംഭവം ഉണ്ടായിരിക്കണം. ആ നിലയിൽ ഒരു സംഭവം ഉണ്ടായിട്ടില്ല. പിന്നെ പരാതി എന്താണ്. എടുത്ത ആക്ഷൻ ബൈഹാൻഡഡ് ആണ് എന്താണ്. പൗരാവകാശങ്ങളെ ബാധിക്കുന്ന പ്രശ്നമാണ് എന്നുള്ള വസ്തുത ചൂണ്ടിക്കാണിച്ചു എന്നല്ലാതെ സംഭവം ഒന്നും ഉണ്ടായിട്ടില്ല എന്നാണു് മന്ത്രി പറഞ്ഞതു്. പിന്നെ ലോറികളം തടഞ്ഞു നിറുത്തി എന്നു ഗൗരിയമ്മ പറഞ്ഞു.

ശ്രീമതി. കെ. ആർ. ഗൗരി.: അടിയും ഇടിയും മാത്രമെ സംഭവമാവുകയുള്ളുവോ?

മി. സ്പീക്കർ: അടിയന്തിരപ്രമേയമായി ചർച്ചചെയ്യത്തക്ക കാര്യമൊന്നും ഇതിൽ ഉണ്ടെന്നു എനിക്കു തോന്നുന്നില്ല. അതു കൊണ്ടു അനുവാദം നൽകുന്നില്ല.

ശ്രീ. ബേബിജോൺ: ബഹുമാനപ്പെട്ട മാണിയെ അവിടെ ഇരുത്തണമെന്നു പ്രതിപക്ഷ നേതാവ് നിർദ്ദേശം ഉന്നയിച്ചു. അതു പരിഗണിച്ചുവോ എന്നറിഞ്ഞാൽക്കൊള്ളാം.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ടേപ്പു റിക്കാർഡർ ഇവിടെ വച്ചതുകൊണ്ടു് പറയുന്ന കാര്യങ്ങളം അതിനകത്തു കാണും. ബഹുമാനപ്പെട്ട സ്പീക്കർ എഴുന്നേറ്റു നിന്നപ്പോളം ബഹുമാനപ്പെട്ട സി. ബി. ചന്ദ്രശേഖരവാര്യർ എഴുന്നേറ്റു നിന്നത് ശരിയായില്ലെന്നു് അങ്ങു പറഞ്ഞതു് രേഖപ്പെടുത്തുകയും ചെയ്തു. മി. മാണിയല്ല ആരായിരുന്നാലും സ്പീക്കർ എഴുന്നേറ്റു നിൽക്കുമ്പോളം എഴുന്നേറ്റു നിൽക്കുവാൻ പാടില്ലെന്നുകൂടെ അങ്ങ് ഒന്നു പറഞ്ഞാൽ കൊള്ളാം.

ശ്രീമതി. കെ. ആർ. ഗൗരി: ഞങ്ങളെ നിയന്ത്രിക്കേണ്ടതു് സ്പീക്കറാണു്, മി. മാണിയല്ല; അതുകൊണ്ടാണു് അവിടെ ഒരു സ്ഥാനം അടുത്തു കൊടുക്കുവാൻ പറഞ്ഞിട്ടുള്ളതു്.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: ഞങ്ങളെ നിയന്ത്രിക്കേണ്ടതും അങ്ങായിരിക്കണം.

മി. സ്പീക്കർ: എന്തായാലും രണ്ടുപേരെയും നിയന്ത്രിക്കേണ്ടതു് ഞാൻ ആയിരിക്കണം എന്ന അഭിപ്രായം പറഞ്ഞതിൽ സന്തോഷമുണ്ടു്. (ചിരി)

III. CALLING ATTENTION UNDER RULE 61

Closure of all branches in the Cannanore District of the P. V. S. Beedies (P) Ltd.

മി. സ്പീക്കർ: പി. വി. എസ്. ബീഡീസ് (പ്രൈവറ്റ്) ലിമിറ്റഡ് എന്ന വ്യവസായസ്ഥാപനത്തിന്റെ കണ്ണൂർ ജില്ലയിൽ പ്രവർത്തിച്ചുവരുന്ന മുഴുവൻ സ്ഥാപനങ്ങളും 1970 ഫെബ്രുവരി 1-ാംതീയതി മുതൽ നിറുത്തൽ ചെയ്യുന്നതാണെന്നു മാനേജുമെന്റു് നോട്ടീസു മുഖേന അറിയിച്ചിരിക്കുന്നതുമൂലമുള്ള പൊതുപ്രാധാന്യമുള്ള പ്രശ്നം ബഹുമാനപ്പെട്ട വ്യവസായ-തൊഴിൽമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ അനുമതി നൽകണമെന്നപേക്ഷിച്ചുകൊണ്ടു് ശ്രീ സി. കണ്ണൻ റൂം 61 അനുസരിച്ചു നോട്ടീസ് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. കണ്ണൻ: സർ, വളരെ പ്രധാനപ്പെട്ട ഈ സംഗതി വളരെ തൊഴിലാളികളെ ബാധിക്കുന്ന ഒന്നാണെന്നുള്ള കാര്യം ബഹുമാനപ്പെട്ട വ്യവസായ–തൊഴിൽകാര്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനാണു് ഞാനീയവസരം ഉപയോഗിക്കുന്നതു്. കണ്ണൂരിൽ കഴിഞ്ഞ 32 വർഷമായി നടന്നുവരുന്ന ഒരു ഫാക്ടറിയാണു് പി. വി. എസ്. ബീഡി ഫാക്ടറി. 2,000 തൊഴിലാളികളാണ് അവിടെ ജോലിചെയ്തുവരുന്നതു്. ഈ ഫാക്ടറി 1970 ഫെബ്രുവരി 1–ാം തീയതി മുതൽ നിറുത്തൽചെയ്യുന്നതാണെന്നു് മാനേജ്മെന്റു് അറിയിച്ചിരിക്കുകയാണ്. എന്തെങ്കിലും പ്രത്യേക പരിത:സ്ഥിതി ഇങ്ങനെ ഫാക്ടറി അടച്ചുപൂട്ടുന്നതിനു തക്കവണ്ണം ഉണ്ടായിട്ടില്ല; തൊഴിൽത്തർക്കം നിലവിലില്ല. ആ നിലയ്ക്കു്, മൈസൂർ സംസ്ഥാനത്തിലെ മുതലാളിമാർ കേരളസംസ്ഥാനത്തു വ്യവസായം നടത്താൻ ഇഷ്ടപ്പെടുന്നില്ല എന്നതിന്റെ പേരിലാണ് ഇങ്ങനെ തീരുമാനിച്ചിട്ടുള്ളതു്. കണ്ണൂർ ജില്ലയെസംബന്ധിച്ചിടത്തോളം, കഴിഞ്ഞ വർഷം ഇതേ കാലത്ത് മാംഗളൂർ ഗണേഷ് ബീഡി ഫാക്ടറി പൂട്ടിയതിന്റെ ഫലമായി 12,000 തൊഴിലാളികൾക്കു് ജോലി നഷ്ടപ്പെട്ടിരുന്നു. ഈ ഗവൺമെന്റിന്റെ അശ്രാന്ത പരിശ്രമഫലമായിട്ടപ്പോലും അവരിൽ 4,000 പേർക്കു മാത്രമേ തൊഴിൽ കൊടുക്കാൻ കഴിഞ്ഞിട്ടുള്ളു. അങ്ങനെ 12,000 പേർക്കു തൊഴിലില്ലാതെയായതിന്റെ അടുത്തവർഷം 2,000 തൊഴിലാളികൾക്കു് വീണ്ടും തൊഴിലില്ലാതെയാകുന്ന ഗൗരവപ്രശ്നം മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനാണു ഞാനാഗ്രഹിക്കുന്നതു്. ഈ കാര്യം പ്രത്യേകം എടുത്തുപറയുന്നതിനു കാരണമുണ്ടു്: മൈസൂർ സംസ്ഥാനത്തിലെ മുതലാളിമാരുടെ സ്ഥാപനങ്ങൾ നമ്മുടെ സംസ്ഥാനത്തു പ്രവർത്തിക്കുന്നത് ഇവിടെ നിലനിറുത്തുന്നതിനു് എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുക്കണമെന്നും അങ്ങനെ, കണ്ണൂർ ജില്ലയിലുണ്ടായിരിക്കുന്ന ഈ തൊഴിലില്ലായ്മ പ്രശ്നം പരിഹരിക്കുന്നതിനു് ശ്രദ്ധ പതിപ്പിക്കണമെന്നും ഞാൻ അഭ്യർത്ഥിക്കുകയാണു്.

വ്യവസായവും തൊഴിലും മന്ത്രി (ശ്രീ. പി. രവീന്ദ്രൻ): സർ, കണ്ണൂരിലെ പി. വി. എസ്. ബീഡീസ് (പ്രൈവറ്റ്) ലിമിറ്റഡിന്റെ അവരുടെ കണ്ണൂർ ശാഖകൂടി അടച്ചുപൂട്ടാൻ തീരുമാനിച്ചിരിക്കുന്നുവെന്നുള്ള വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടു്. ബഹുമാനപ്പെട്ട ശ്രീ. കണ്ണനും അതുപോലെ ബഹുമാനപ്പെട്ട ശ്രീ. ഇ. അഹമ്മദും ഈ വിവരം എന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടായിരുന്നു. ശ്രീ. കണ്ണൻ തന്ന നിവേദനത്തിൽത്തന്നെ, ഈ സ്ഥാപനങ്ങൾ ഉടനടി അടച്ചുപൂട്ടരുതെന്നും പൂട്ടുന്നതു മൂലമുള്ള തൊഴിലില്ലായ്മ ഒഴിവാക്കണമെന്നും മൈസൂർ ഗവൺമെന്റിനോടാവശ്യപ്പെടണമെന്നും പറഞ്ഞിരുന്നു. അതനുസരിച്ചു്, ഇതിന്റെ എല്ലാ വശങ്ങളും പരിശോധിച്ചശേഷം മൈസൂർ മുഖ്യമന്ത്രിക്കു് അന്നുതന്നെ ഞാൻ കത്തെഴുതുകയുണ്ടായി. പൂട്ടിയ പി. വി. എസ്. കമ്പനിയുടെ പ്രൊപ്രൈറ്റർ സൗകര്യപ്രദമായ ഏതെങ്കിലും ഒരു ദിവസം തിരുവനന്തപുരത്തു വരണമെന്നും കമ്പനി അടച്ചുപൂട്ടാനിടയായ സാഹചര്യത്തെപ്പറ്റി സംസാരിക്കണമെന്നും മൈസൂർ മുഖ്യമന്ത്രിക്കു കത്തെഴുതിയ വിവരവും കമ്പനി പ്രൊപ്രൈറ്ററെ തിരുവനന്തപുരത്തേക്കു ക്ഷണിച്ച വിവരവും കാണിച്ചുകൊണ്ടു് ശ്രീ. കണ്ണനു് അന്നുതന്നെ ഞാൻ മറുപടിയും നൽകിയിട്ടുണ്ടായിരുന്നു. ഗവൺമെന്റിന്റെ ശ്രദ്ധയിൽ ഈ പ്രശ്നം ഉണ്ടു്. വളരെ ഗൗരവപൂർവം ഈ പ്രശ്നം കൈകാര്യം ചെയ്യുന്നതിനാവശ്യമായ നടപടികൾ ഗവൺമെന്റു് എടുക്കുന്നതാണു്. ഇന്നലെ നിവേദനം നടത്തിയ എം. എൽ. എ. മാരോടു് ഇതുവരെ സ്വീകരിച്ച നടപടികളെസംബന്ധിച്ചു് സംസാരിച്ചിട്ടുണ്ടു്. ആവശ്യമായ നടപടി ഇക്കാര്യത്തിൽ ഗവൺമെന്റു സ്വീകരിക്കുമെന്നു ഞാൻ സഭയ്ക്കു് ഉറപ്പുനൽകുന്നു.

LIBRARY ARCHIVES Kerala Legislative Assembly